(ബി) പ്രസ്തുത വിഷയം കുറച്ചുകൂടി വേഗത്തിൽ പൂർത്തിയാക്കുന്നതിന് പുതിയ സംവിധാനം പരിഗണനയിലുണ്ടോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പരീക്ഷാഭവനിലെ ജനനത്തീയതി തിരുത്തുന്ന സെക്ഷൻ കമ്പ്യൂട്ടർവൽക്കരിച്ചു. ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചും പരീക്ഷ സംഘടിപ്പിച്ചും പരീക്ഷാഭവൻ ജീവനക്കാർക്ക് പുറമെ താൽക്കാലിക ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനംകൂടി പ്രയോജനപ്പെടുത്തിയും ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാ ക്രമത്തിൽ നടപടി സ്വീകരിച്ച് പരമാവധി 6 മാസത്തിനകം തീർപ്പാക്കിവരുന്നു. അപേക്ഷകർക്ക് പരീക്ഷാഭവനിലെ ബന്ധപ്പെട്ട സെക്ഷനുകളിലേയ്ക്ക് ടെലിഫോൺ മുഖാന്തിരം നേരിട്ട് ബന്ധപ്പെട്ട് ഫയലുകളുടെ നടപടി പുരോഗതി മനസ്സിലാക്കാവുന്നതാണ്. ഒന്നാംക്ളാസ് മുതൽ എസ്.എസ്.എൽ.സി.-ക്ക് രജിസ്റ്റർ ചെയ്യുന്നതുവരെയുള്ള കുട്ടികളുടെ പേര്, മതം, ജനനത്തീയതി എന്നിവ സംബന്ധിച്ച് സ്കൂൾ രേഖകളിൽ തിരുത്തൽ വരുത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

പരീക്ഷാഭവനിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

37 (5169) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പരീക്ഷാ ഭവനിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ പരീക്ഷാ ഭവനിലെ വിവിധ സെക്ഷനുകളിൽ എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നുണ്ട് ; അവയുടെ കാലദൈർഘ്യം 2010 ജൂൺ 30 അടിസ്ഥാനമാക്കി ലഭ്യമാക്കുമോ ?

ഉത്തരം

(എ)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരീക്ഷാഭവനിൽ നടപ്പാക്കിയ പരിഷ്ക്കാരങ്ങൾ ചുവടെ കൊടുക്കുന്നു.

(1) സേവനങ്ങൾ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ കൗണ്ടർ സമ്പ്രദായം ഏർപ്പെടുത്തി ;

(2) നേരിട്ട് ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്ന സംവിധാനം നടപ്പിലാക്കി ;

(3) കുടിശ്ശിക ഫയലുകൾ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിനായി ജില്ലകൾ/മേഖല എന്നീ തലങ്ങളിൽ അദാലത്തുകൾ ഫലപ്രദമായി സംഘടിപ്പിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(4) ടെലിഫോൺ മുഖാന്തിരം ആഫീസ് സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി ;

(5) എസ്.എസ്.എൽ.സി. ചോദ്യപേപ്പറുകൾ ബാങ്കുകൾ/ട്രഷറികൾ എന്നിവയിൽ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു ;

(6) പരീക്ഷാഫലം ഓൺലൈൻ സംവിധാനത്തിലൂടെ പ്രസിദ്ധീകരിക്കുന്ന രീതി നടപ്പിലാക്കി ;

(7) പരീക്ഷാ സമ്പ്രദായം സുതാര്യവും കുറ്റമറ്റരീതിയിലുമാക്കി ;

(8) പരീക്ഷാഫലങ്ങൾ ദ്രുതഗതിയിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

(ബി) ജനനത്തീയതി തിരുത്തുന്നതിനായി 12,044 അപേക്ഷകളും മറ്റ് തിരുത്തലുകൾക്കായി 166 അപേക്ഷകളും സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതി പരിശോധിക്കുന്നതിനായി 5000 അപേക്ഷകളും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾക്കായി 2905 അപേക്ഷകളും തീർപ്പുകൽപ്പിക്കുവാനുണ്ട്.

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തന സമയം

38 (5171) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തന സമയം എങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നത് ;

(ബി) പ്രസ്തുത സമയക്രമീകരണത്തിൽ രാവിലെ 8 മുതൽ 9 വരെയും വൈകുന്നേരം 6.30-നു ശേഷവും പൊതുജനങ്ങൾ വളരെ കുറവായി എത്തുന്നതിനാൽ ലൈബ്രറിയുടെ പ്രവർത്തന സമയത്തിന് പുനഃക്രമീകരണം നടത്തുമോ എന്നറിയിക്കുമോ ;

(സി) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ഇപ്പോൾ അനുവർത്തിക്കുന്ന പ്രവർത്തന സമയത്തിൽ എത്ര ഷിഫ്റ്റായിട്ടാണ് പ്രവർത്തനം നടക്കുന്നത് ;

(ഡി) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ മേധികാരിയായ സ്റ്റേറ്റ് ലൈബ്രേറിയനും അതിന് താഴെയുള്ള 2 ഡെപ്യൂട്ടി ലൈബ്രേറിയൻമാരും ലൈബ്രറിയുടെ മുഴുവൻ സമയ പ്രവർത്തനത്തിലും ഡ്യൂട്ടി നോക്കാറുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇവരുടെ ഓഫീസ് സമയം ഇപ്പോൾ എത്ര മണി മുതൽ എത്ര മണി വരെയാണ് ;

(എഫ്) ലൈബ്രറിയുടെ മുഴുവൻ സമയ പ്രവർത്തനത്തിൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടം ലഭിക്കുന്നില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly